പത്തനംതിട്ട ജില്ല

പന്തളം നഗരസഭ

ബഡ്ജറ്റ്

2025-26





2024-25 വർഷത്തെ പുതുക്കിയ ബഡ്ജറ്റും

2025-26 വർഷത്തെ മതിപ്പു ബഡ്ജറ്റും

ആമുഖം

ബഹുമാന്യ പന്തളം നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, ചെയർപേഴ്സൺമാർ, കൗൺസിൽ അംഗങ്ങൾ, നഗരസഭ സെക്രട്ടറി, വകുപ്പ് തലവൻമാർ, നഗരസഭാ ഉദ്യോഗസ്ഥർ, നഗരസഭയ്ക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, പന്തളം നഗരസഭയിൽ അധിവസിക്കുന്ന സമസ്ത ജനങ്ങൾക്കും നമസ്കാരം.

ശബരിമല ശ്രീധർമ്മ ശാസ്താവിന്റെ മൂലസ്ഥാനമായ പന്തളം, ഭാരതത്തിന്റെ വിശിഷ്യാ ദക്ഷിണഭാരതത്തിന്റെ അഭിമാനമാണ്. ജാതിയോ മതമോ നോക്കാതെ പരസ്പര സഹവർത്തിത്തത്തോടെ ജീവിക്കുന്ന പന്തളം ചരിത്രപ്രസിദ്ധവുമാണ്. തമിഴ്നാട്ടിലെ പാണ്ഡ്യരാജ്യത്തെ അലാവുദ്ദീൻ ഖിൽജി ആക്രമിച്ചു കീഴടക്കിയപ്പോൾ പാണ്ഡ്യരാജ്യവംശം രണ്ടായി പിരിഞ്ഞ്, ഒരു വിഭാഗം കോട്ടയത്തെ പൂഞ്ഞാറിലും മറ്റൊരു വിഭാഗം ചെമ്പഴന്നൂർ, തെങ്കാശി, തിരുനെൽവേലി തുടങ്ങിയ സ്ഥലങ്ങളിൽ അധിവസിച്ചശേഷം കോന്നിയിൽ സ്ഥിരവാസമാക്കിയെങ്കിലും തിരുവിതാംകൂറിനെ ചോളരാജ്യം ആക്രമിച്ചപ്പോൾ പന്തളത്തേക്ക് പലായനം ചെയ്ത് അധിവസിക്കുകയാണ് ഉണ്ടായത്. ഇതാണ് നമ്മുടെ പ്രദേശത്തിന്റെ ഒരു ഏകദേശ ചരിത്രം.

കവനകൗമുദി എന്ന ആനുകാലിക പ്രസിദ്ധീകരണത്തിന്റെ മുഖ്യപത്രാധിപർ ആയിരുന്ന പന്തളം കേരളവർമ്മ, പ്രശസ്ത ചിത്രകാരനായിരുന്ന വി.എസ്.വല്യത്താൻ തുടങ്ങിയ പ്രഗത്ഭൻമാരുടെ ജനനംകൊണ്ട് സമ്പന്നമാണ് പന്തളം.

33 വാർഡുകളിലായി 2015ലെ കണക്കനുസരിച്ച് 43000ത്തോളം ജനസംഖ്യയുള്ള പന്തളത്തിന്റെ ജീവനാഡികളാണ് അച്ചൻകോവിലാറും മുട്ടാർ നെൽച്ചാലും.

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള രണ്ട് വെൽനെസ് സെന്ററുകൾ, ഒരു കോളേജ്, ഒരു കുടുംബാരോഗ്യകേന്ദ്രം, ഐ.റ്റി.സി. ചേരിക്കൽ, ഒരു ഹയർ സെക്കന്ററി സ്കൂൾ, മന്നം ആയുർവ്വേദ മെഡിക്കൽ കോളേജ്, എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ്, വിവിധ നഴ്സിംഗ് കോളേജുകൾ, കെ.എസ്.ആർ.ടി.സി, പ്രൈവറ്റ് ബസ് സ്റ്റാന്റുകൾ, പ്രീമെട്രിക് ഹോസ്റ്റൽ, നിരവധി ആധുനിക ആശുപത്രികൾ എല്ലാം അടങ്ങിയ ഒരു ആധുനിക സമൂഹത്തിന്റെ അധിവാസകേന്ദ്രമാണ് പന്തളം. വിവിധ മതവിശ്വാസികളുടെ ആരാധനാലയങ്ങൾ, കുറുംതോട്ടയം പാലം, പന്തളം സസ്പൻഷൻ പാലം തുടങ്ങിയവ പന്തളത്തിന്റെ മാറ്റ് കൂട്ടുന്നു.

മഹാപ്രളയത്തിന്റെയും കൊറോണയുടെയും ശക്തമായ ആക്രമണത്തെ അതിജീവിച്ച നഗരസഭയാണ് നമ്മുടേത്. അതിനെയെല്ലാം മറികടന്ന് പുതിയ വികസനപാത വെട്ടിത്തുറന്ന് നഗരസഭാ ഭരണസമിതി ജനങ്ങളുടെ ചിരകാലാഭിലാഷമായ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധരാണ്. അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പിന്തുണ ആർജ്ജിക്കുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ്.

ജനങ്ങളുടെ നന്മ മാത്രം ലഭ്യമാക്കി ആവിഷ്ക്കരിച്ച പദ്ധതികളും മറ്റും ഉൾക്കൊള്ളിച്ച 2024-25 പുതുക്കിയ ബഡ്ജറ്റും 2025-26ന്റെ പ്രതീക്ഷിത ബഡ്ജറ്റും ബഹു: നഗരസഭാ കൗൺസിലിന് മുമ്പാകെ അവതരിപ്പിക്കുന്നതിന് ബഹുമാന്യ വൈസ് ചെയർപേഴ്സൺ ശ്രീമതി യു.രമ്യയെ ആദരപൂർവ്വം ക്ഷണിച്ചു കൊള്ളുന്നു.

അച്ചൻകുഞ്ഞ് ജോൺ
ചെയർമാൻ, പന്തളം നഗരസഭ

പന്തളം നഗരസഭ

ബഡ്ജറ്റ് 2025–2026

ബഹുമാന്യ നഗരസഭാ ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ചെയർപേഴ്സൺമാർ, കൗൺസിൽ അംഗങ്ങൾ, നഗരസഭാ സെക്രട്ടറി, നഗരസഭാ ഉദ്യോഗസ്ഥർ, വകുപ്പ് മേധാവികൾ, നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, പത്ര-ദൃശ്യമാധ്യമ പ്രവർത്തകരെ, സുഹൃത്തുക്കളെ,

പന്തളം നഗരസഭ രൂപീകൃതമായ ശേഷമുള്ള 10-ാമത് ബഡ്ജറ്റാണ് 2025-26 സാമ്പത്തിക വർഷത്തേക്ക് നഗരസഭാ കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നത്.

പ്രായോഗികത്തത്തിൽ പാത പറ്റിചേർന്ന്
നീയവിടേക്ക് കുതിച്ച് ചെല്ലൂ.....
കല്ലുണ്ട്, മുള്ളുണ്ട് കാനനവീതിയാ-
ണെല്ലാം സഹിക്കാനൊരുങ്ങണം നീ....
പാതിവഴി കഴിഞ്ഞെത്തിയാൽ പിന്നത്തെ
പാതയിൽ പുഷ്പിത പാദപങ്ങൾ
ഞെട്ടറ്റ് തീർന്നിടും പൂക്കളാൽ നീളെ
നൽപ്പട്ടുപാവാട വിരിച്ചിരിക്കും

ശ്രീ.ചങ്ങമ്പുഴയുടെ അർത്ഥവത്തായ വരികളോട് ഈ ബജറ്റ് മീറ്റിംഗിൽ ബഹു. കൗൺസിലിന്റെ മുന്നിൽ വളരെ അഭിമാനത്തോടെ ഞാൻ നിൽക്കുകയാണ്. 2025-26 സാമ്പത്തിക വർഷത്തേക്കുള്ള നഗരസഭ ബജറ്റ് ബഹു. കൗൺസിലിന്റെ അനുവാദത്തോടെ ഞാനവതരിപ്പിക്കുന്നു.

2024-25ൽ ബഹു. പന്തളം നഗരസഭ കൗൺസിലിന്റെ മുന്നിൽ ഞാനവതരിപ്പിച്ച ബജറ്റിൽ പറഞ്ഞപ്രകാരം നടപ്പാക്കിയതു തുടക്കമിട്ടതുമായ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലും പന്തളം 2035 എന്ന ദീർഘ വീക്ഷണത്തിലൂന്നിയ പുതുതായി മുന്നോട്ട് വയ്ക്കുന്ന പുതുപുത്തൻ ആശയങ്ങളും സമന്വയിപ്പിച്ചാണ് 2025-2026 ബജറ്റ് ഞാൻ അവതരിപ്പിക്കുന്നത്. ഈ ബജറ്റ് ജാതി , മതം, പ്രദേശം, പ്രായം, സാമ്പത്തിക അവസ്ഥ എന്നീ ഭേദങ്ങളില്ലാതെ നഗരവാസികൾക്ക് സർവ്വതോന്മുകമായ പുരോഗതിയും, ആശയവും പ്രദാനം ചെയ്യാൻ കഴിയുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്.

ഓരോ രാജ്യത്തിന്റെയും കുതിപ്പിന് കാരണമാകുന്ന ഘടകങ്ങളും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനവും കൃത്യമായി ലക്ഷ്യം വയ്ക്കാൻ കഴിയുന്ന പദ്ധതികൾ കൊണ്ട് വരുന്നതിന് ഈ ബജറ്റിലൂടെ ഞാൻ ശ്രമിച്ചിട്ടുണ്ട്.

കോവിഡ്-19 കാലത്തിന് ശേഷം ലോകം മുഴുവൻ സാമ്പത്തികമായി പുറകിലേക്കിറങ്ങിയപ്പോൾ നമ്മുടെ രാജ്യം അതിശക്തമായി തിരിച്ചുവരുന്ന വേളയിലാണ് ഞാനീ ബജറ്റ് അവതരിപ്പിക്കുന്നത്. സംസ്ഥാന സർക്കാർ ഉൾപ്പെട്ടിരിക്കുന്ന വലിയ കടക്കെണി മൂലം പൂർണ്ണമായും ഉറപ്പുള്ള സാമ്പത്തിക അടിത്തറ നമുക്കില്ലെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ട്കൊണ്ട് കഴിയുന്നത്ര ചെലവ് ചുരുക്കിയുമുള്ള വിഭവങ്ങളുടെ പരമാവധി ഉപയോഗപ്പെടുത്തലും വഴി നഗരസഭയുടെ ഉന്നമനം മാത്രം ലക്ഷ്യം വച്ചിട്ടുള്ളതാണീ ബജറ്റ്.

തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക വരവും ചെലവും മുൻകൂട്ടി ഒരു പരിധി വരെ കാണാൻ കഴിയുമെങ്കിലും അപ്രതീക്ഷിതമായി വരുന്ന ചെലവുകൾ തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക അടിത്തറയേയും അതുവഴി നഗരവാസികൾക്ക് കിട്ടേണ്ടുന്ന സേവനങ്ങളേയും ബാധിക്കുമെന്നതിനാൽ അത്തരം സാഹചര്യങ്ങളെ പ്രതീക്ഷിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

കഴിഞ്ഞവർഷങ്ങളിൽ ഞാനവതരിപ്പിച്ച ബജറ്റ് ബഹു. ചെയർപേഴ്സൺ, ഗുരുതുല്യരായ എന്റെ മുൻഗാമികൾ, നഗരസഭ ഉദ്യോഗസ്ഥർ എന്നിവരുടെ ആത്മാർത്ഥ സഹകരണത്തോടെയാണ് എന്ന് ഈ അവസരത്തിൽ ഓർക്കട്ടെ. .അതുകൊണ്ട് തന്നെയാണ് സാഹചര്യങ്ങൾ അനുകൂലമല്ലാതിരുന്നിട്ടും ഭരണസമിതിയുടെ വാഗ്ദാനങ്ങൾ പാഴാകാതിരിക്കാൻ ശ്രമിച്ചിട്ടുള്ളത്. ഈ അവസരത്തിൽ കഴിഞ്ഞ കാലങ്ങളിൽ സർവ്വാത്മനാ സഹകരിച്ച ബഹുമാനപ്പെട്ട മുഴുവൻ കൗൺസിലർമാരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

നഗരസഭ ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യമായ അടിസ്ഥാനപരമായ കാര്യങ്ങളെല്ലാം പൂർത്തിയാക്കുവാൻ സാധിച്ചു എന്നതിൽ അഭിമാനിക്കുന്നു. ചില സാങ്കേതിക കാരണങ്ങളാൽ കാലതാമസം വന്നെങ്കിലും ഏറെതാമസിയാതെ അത് സാക്ഷാത്ക്കരിക്കപ്പെടുമെന്നുറപ്പാണ്.

നഗരവാസികളുടെ കുടിവെള്ളപ്രശ്നവും, ക്ഷാമവും പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സഹകരണം വഴി ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു. പ്രളയം, കോവിഡ് എന്നിവമൂലം സാമ്പത്തികമായി തളർന്നും, തകർന്നും പോയ നഗരത്തിലെ കച്ചവടക്കാർക്ക് പന്തളം നഗര പരിധിയിലെ കച്ചവടക്കാർക്ക് ആശ്വാസം നൽകുന്നതിന് ലോൺ സബ്സിഡി നൽകുന്ന കാര്യം ഭരണസമിതി ഈ ബജറ്റിലൂടെ മുന്നോട്ട് വയ്ക്കുന്നു. ജനങ്ങൾക്ക് ആരോഗ്യരംഗത്ത് ആവശ്യമായ പരിചരണവും, സംരക്ഷണവും നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ പദ്ധതികളായ വെൽനെസ്സ് സെന്ററുകൾ തുടങ്ങാൻ കഴിഞ്ഞു. ഉറുദ്ദുകവി മൻസൂർ അലി പറഞ്ഞപോലെ ചെയ്യുന്ന പ്രവൃത്തിയിൽ പൂർണ്ണ വിശ്വാസമുണ്ടെങ്കിൽ അതിന് ഒരു വഴി തെളിഞ്ഞ് വരും. ഒരു ദീപം കത്തി ജ്വലിക്കാൻ ചെറിയ കാറ്റ് സഹായിക്കും. എന്നതുപോലെ വളരെ ആത്മവിശ്വാസത്തിലാണ് ഞാനീ ബജറ്റ് അവതരിപ്പിക്കുന്നത്.

ചരിത്രപ്രസിദ്ധമായ പന്തളത്ത് കാർഷിക മേഖലയുടെ അഭിവൃദ്ധി ജനങ്ങളുടെ പ്രധാന ജീവിതമാർഗ്ഗമായി മാറി. നെല്ലുല്പാദന രംഗത്ത് മുൻപന്തിയിൽ നിന്ന ഒരു പ്രദേശമാണ് പന്തളം. പന്തളത്തെ കരിമ്പ് കൃഷി മന്നം ഷുഗർമിൽ സ്ഥാപിക്കുന്നതിന് കാരണമായി. കരിങ്ങാലി,

മഞ്ഞനംകുളം, മാവര, വള്ളിക്കാവിനാൽ, കുരമ്പാല, തെക്കേക്കര എന്നിവിടങ്ങളിലെ നെൽകർഷകരുടെ അദ്ധ്വാനം പന്തളത്തെ കാർഷിക സംസ്കാരം സമ്പുഷ്ടമാക്കി. നാടൻ കലകൾ, പടയണി, കോലമെഴുത്ത് എന്നിവയുടെ ഒരു കേന്ദ്രമാണ് നമ്മുടെ നാട്. വലിയകോയിക്കൽ ക്ഷേത്രത്തിലെ തിരുവാഭരണവും പുത്തൻകാവിൽ ക്ഷേത്രത്തിലെ ചൂരൽ അടവി, ക്ഷേത്രങ്ങളിലെ കെട്ടുകാഴ്ച, ചന്ദനക്കുടം, ക്രിസ്തീയ ദേവാലയങ്ങളിലെ റാസ എന്നിവയിലും പന്തളം പ്രശസ്തമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിൽ നായർ സർവ്വീസ് സൊസൈറ്റിയുടെ സേവനങ്ങൾ വളരെ വലുതാണ്. ആശുപത്രികൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്കൂളുകൾ, ഷുഗർമിൽ എന്നിവയിൽ അനവധി ആളുകൾക്ക് ജോലി ലഭിക്കുവാൻ ഇത് കാരണം കഴിഞ്ഞു.

കേന്ദ്ര സർക്കാരിന്റെ ഫണ്ടു ഉപയോഗിച്ചു പന്തളം നഗരസഭയിലെ ജനങ്ങളുടെ ചിരകലാഭിലാഷമായ ഗ്യാസിൽ പ്രവർത്തിക്കുന്ന ശശ്മാനം, കക്കൂസ് മാലിന്യം നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എഫ്.എസ്.റ്റി.പി ഡബിൾ ചേംബർ ഇൻസിനിറേറ്റർ, മാലിന്യം നീക്കം ചെയ്യുന്നതിന് ഇലക്ട്രിക് ഓട്ടോറിക്ഷ, 6000ത്തോളം വീടുകൾക്ക് കുടിവെള്ള കണക്ഷൻ മുതലായവ തുടങ്ങിയതും പൂർത്തിയാക്കിയതുമായ വിവിധ പദ്ധതികൾ ശബരിമല മണ്ഡലകാല - മകരവിളക്ക് മഹോത്സവത്തിന്റെ വിജയകരമായ നടത്തിപ്പ് വളരെ വിജയകരമായി കേരളോത്സവ നടത്തിപ്പ് തുടങ്ങിയവ വളരെ അഭിമാനത്തോടെ ഓർക്കാൻ കഴിയുന്നതാണ്.

കേരളസർക്കാരിന്റെ അഭിമാന പദ്ധതിയായ ഡിജി കേരള കേരളത്തിൽ രണ്ട് ജില്ലകളിൽ മാത്രം 100% പൂർത്തീകരിച്ചപ്പോൾ അതിൽ പന്തളം നഗരസഭയുടെ പങ്ക് വളരെ വലുതാണ്. ഓഫീസ് ഡിജിറ്റലൈസേഷൻ എന്ന് കേന്ദ്രസർക്കാർ പദ്ധതിയുടെ ഭാഗമായി കേരളസർക്കാർ വിജയകരമായി നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതിയുടെ ഒന്നാം വാർഷികത്തിൽ ഫയൽ കൈകാര്യം ചെയ്ത് പൂർത്തിയാക്കിയതിൽ 4-ാം സ്ഥാനവും എല്ലാ ഫയലും കൈകാര്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ രണ്ടാം സ്ഥാനവും പന്തളം നഗരസഭയ്ക്കാണ്. ഇതിൽ നഗരസഭാ ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കുന്നു. സർക്കാർ പദ്ധതികളുടെ നടത്തിപ്പിൽ പല ഘട്ടങ്ങളിലും സർക്കാരിൽ നിന്നും പ്രത്യക അഭിനന്ദനം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്.

വളരെ പരിമിത സൗകര്യങ്ങളുള്ള നഗരസഭയിൽ ആവശ്യത്തിന് ജീവനക്കാരെ നൽകാതെ ഭരണസമിതിയെ വല്ലാതെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ്.സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായതെങ്കിലും അതിനെയെല്ലാം മറികടക്കാൻ ഊർജ്വസ്വലരായ ജീവനക്കാരുടെ സഹായത്തോടെ ഒരു ഒരു പരിധി വരെയെങ്കിലും സാധിച്ചിട്ടുണ്ട്.

2015-20 കാലഘട്ടത്തിലുണ്ടായിരുന്ന ഭരണസമിതി നടപ്പിലാക്കേണ്ടിയിരുന്ന വസ്തുനികുതി പരിഷ്കരണം അന്ന് നടപ്പാക്കാതിരുന്നതിനാൽ ഈ ഭരണസമിതിക്ക് അതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടി വന്നു. നികുതി പരിഷ്കരണത്തിന് കൃത്യമായ ഒരു ഘടന ഉണ്ടാക്കാനും കോടിക്കണക്കിന് രൂപ പിടിച്ചെടുക്കാനും കഴിഞ്ഞത് അസി. സെക്രട്ടറിയുടെയും റവന്യൂ ഓഫീസറുടെയും നേതൃത്വത്തിലുള്ള റവന്യൂ വിഭാഗം ജീവനക്കാരുടെയും സഹകരിച്ച മറ്റ് ജീവനക്കാരുടെയും ബഹു. കൗൺസിലർമാരുടെയും ആത്മാർത്ഥ ശ്രമം കൊണ്ടാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ മുട്ടാർ നീർച്ചാൽ പുനരുജ്ജീവിപ്പിച്ച് വിനോദസഞ്ചാര

പ്രാധാന്യമുള്ളതാക്കി മാറ്റുന്നതിനും പന്തളത്തിന്റെ അഭിമാനമായ വലിയ കോയിക്കൽ അയ്യപ്പ ക്ഷേത്രം കേന്ദ്രീകരിച്ച് ടെമ്പിൾ സിറ്റി പദ്ധതി നടപ്പാക്കുന്നതിനും, കടയ്ക്കാട് മാർക്കറ്റും പ്രദേശവും കേന്ദ്രസർക്കാരിന്റെ ന്യൂനപക്ഷ വികസന ഫണ്ട് ഉപയോഗിച്ച് വികസിപ്പിക്കുന്നതിനും നഗരസഭ സന്ദർശിച്ച ബഹു. കേന്ദ്രമന്ത്രി ശ്രീ.ജോർജ്ജ് കുര്യൻ അവർകളുടെ സഹായവും പിന്തുണയും ഉറപ്പാക്കാൻ ഈ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്.

ശബരിമല തീർത്ഥാടനം

പന്തളം അയ്യപ്പ തീർത്ഥാടനകേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രാരംഭനടപടികളുടെ ഭാഗമായി ടോയ്‌ലറ്റ് കോംപ്ലക്സ് അനുബന്ധ സൗകര്യങ്ങൾ നിർമ്മിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ പ്രസാദ് പദ്ധതിയിൽ ശബരിമല പിൽഗ്രാം ടൗൺഷിപ്പ്, പന്തളത്തെ ക്ഷേത്രനഗരിയായി വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കും. തീർത്ഥാടനത്തിനോടനുബന്ധിച്ച് ഫയർഫോഴ്സിന് വണ്ടി പാർക്ക് ചെയ്യുവാൻ പെർമനെന്റ് ഷെഡ്, ഈറൻമാറാൻ ഷെഡ് എന്നിവ സ്ഥാപിക്കുവൻ കഴിഞ്ഞു.

ഗ്യാസ് ക്രിമിറ്റോറിയം

പന്തളത്തെ ജനങ്ങളുടെ ചിരകാല സ്വപ്നമായ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

വിനോദ സഞ്ചാരം

ടൂറിസം സാദ്ധ്യതകളുള്ള ഒരു പ്രദേശമാണ് പന്തളം. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ചിറമുടി ടൂറിസത്തിന് 51 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ ഡി.പി.ആർ പൂർത്തീകരിക്കുകയും, പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു.

മുട്ടാർ നീർച്ചാൽ നിർമ്മാണം

മുട്ടാർ നീർച്ചാൽ ശുദ്ധീകരണ പ്രവർത്തനങ്ങളും ആഴംകൂട്ടലും പദ്ധതി രണ്ടാം ഘട്ടം അവസാനിച്ചു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്ക് 1 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

കുടിവെള്ളം (അമൃത് 2.0)

കേന്ദ്രസർക്കാർ പന്തളം നഗരസഭയ്ക്ക് 12 കോടി രൂപ അമൃത് പദ്ധതിക്കായി അനുവദിച്ചതിൽ പുതിയ ഗാർഹിക കണക്ഷൻ എല്ലാ വീടുകൾക്കും സൗജന്യമായി നൽകുകയും, ലൈൻ എക്സ്റ്റൻഷൻ, പുതിയ ടാങ്കുകൾ എന്നിവയുടെ ആദ്യഘട്ടം അവസാനിച്ചു. രണ്ടാം ഘട്ടം പുരോഗമിക്കുന്നു.

ഭവനപദ്ധതി

PMAY-LIFE തുടങ്ങിയ പദ്ധതികളിൽ ഭവനനിർമ്മാണത്തിനായി 8 കോടി രൂപ വകയിരുത്തുന്നു.

തൊഴിലുറപ്പ്

കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യംവച്ച് 5,50,00000 (അഞ്ച് കോടി അമ്പത് ലക്ഷം രൂപ) വകയിരുത്തുന്നു.

അംഗൻവാടികൾ

അംഗൻവാടി പോഷകാഹാരം, ഫർണീച്ചർ, സ്മാർട്ട് അംഗൻവാടി, ഭൂമി വാങ്ങൽ, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് 2 കോടി രൂപ വകയിരുത്തുന്നു.

നഗരസഭയ്ക്ക് പുതിയ കെട്ടിടം

പുതിയ കെട്ടിട നിർമ്മാണം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്ക് 9 കോടി രൂപ വകയിരുത്തുന്നു.

സ്മാർട്ട് പന്തളം – നടപ്പാതകൾ സൗന്ദര്യവൽക്കരണം

പന്തളം നഗരസഭയിലെ പ്രധാന ജംഗ്ഷനിലെ നടപ്പാതകൾക്ക് ഇരുവശവും ചെടിച്ചട്ടികൾ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടം അവസാനിച്ചു. രണ്ടാം ഘട്ടത്തിനും, പ്ലാസ്റ്റിക്, കടലാസ് രഹിതമാക്കി സ്മാർട്ട് ആക്കുന്നതിന് 75 ലക്ഷം രൂപ വകയിരുത്തുന്നു.

മൃഗസംരക്ഷണം അനുബന്ധ മേഖല

ക്ഷീരവികസനം, മൃഗസംരക്ഷണം എന്നിവയ്ക്കായി 30 ലക്ഷം രൂപ വകയിരുത്തുന്നു.

കൃഷി അനുബന്ധ മേഖലകൾ

നെൽകൃഷി, പാടശേഖരങ്ങളുടെ അനുബന്ധ പ്രവർത്തനങ്ങൾ, കൊയ്ത്തുയന്ത്രം എന്നിവയ്ക്കായി ഒരുകോടി രൂപ വകയിരുത്തുന്നു.

ദുരന്തനിവാരണം (വെള്ളപ്പൊക്കം, വരൾച്ച)

ദുരന്തനിവാരണ പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ 1 കോടി രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസം അനുബന്ധ മേഖല

വിദ്യാഭ്യാസത്തിനും, എസ്.സി. വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും സൗകര്യമൊരുക്കുവാൻ 1 കോടി രൂപ വകയിരുത്തുന്നു.

റോഡ് വികസനം – മാതൃകാ റോഡ്

നഗരസഭയിലെ റോഡുകളുടെ സംരക്ഷണത്തിനായും മാതൃകാ റോഡ് നിർമ്മാണം എന്നിവയ്ക്കായി 3 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

ക്ഷേമപെൻഷനുകൾ

വാർദ്ധക്യകാലം, വിധവാപെൻഷൻ, കർഷകത്തൊഴിലാളി, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കുള്ള ക്ഷേമപെൻഷനായി 12 കോടി 33 ലക്ഷത്തി 50000 രൂപ വകയിരുത്തുന്നു.

സ്റ്റേഡിയം നവീകരണം

ഉളമയിൽ മുൻസിപ്പൽ സ്റ്റേഡിയം ആധുമികവത്കരിച്ച് പുതിയ റോഡ് നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് കേന്ദ്ര കായികമന്ത്രാലയവുമായി ചേർന്ന് നടപ്പിലാക്കും. സ്റ്റേഡിയം നവീകരണത്തിന് 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

വിവിധ പദ്ധതികൾക്കായി 3 കോടി 99 ലക്ഷത്തി 27000 രൂപ വകയിരുത്തുന്നു.

സ്കൈ വാക്ക്

പന്തളം ജംഗ്ഷൻ, വലിയകോയിക്കൽ ജംഗ്ഷൻ എന്നിവിടങ്ങളിൽ തിരക്ക് കുറയ്ക്കുന്നതിന് സ്കൈ വാക്ക് സംവിധാനത്തിന് 75 ലക്ഷം രൂപ വകയിരുത്തുന്നു.

തെരുവ് വിളക്ക് പരിപാലനം

പുതിയ മീറ്റർ സ്ഥാപിക്കുന്നതിനും തെരുവ് വിളക്ക് നവീകരണത്തിനും 35 ലക്ഷം രൂപ വകയിരുത്തുന്നു.

മാർക്കറ്റ് നവീകരണം

കുറുന്തോട്ടയം മാർക്കറ്റ് ആധുനിക രീതിയിൽ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

മുനിസിപ്പൽ ബസ് സ്റ്റാന്റ്

മുനിസിപ്പൽ ബസ് സ്റ്റാന്റ് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിന് സമീപം മാറ്റി സ്ഥാപിക്കുന്നതിന് 75 ലക്ഷം രൂപ വകയിരുത്തുന്നു.

ഭിന്നശേഷിക്കാരുടെ ക്ഷേമം

45 ലക്ഷം രൂപ വകയിരുത്തുന്നു.

ജൈവ വൈവിധ്യ മേഖല

കുളങ്ങളുടെ നവീകരണം, സംരക്ഷണം എന്നിവയ്ക്ക് 75 ലക്ഷം രൂപ വകയിരുത്തുന്നു.

സേവന വിതരണ സംവിധാനം മെച്ചപ്പെടുത്തൽ

നഗരസഭ കെ-സ്മാർട്ട് പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

2024 – 25 വർഷം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. റോഡ് നവീകരണം - 3 കോടി
2. ശബരിമല - 70 ലക്ഷം
3. ഗ്യാസ് ക്രിമിറ്റോറിയം - 20 ലക്ഷം
4. തെരുവ് വിളക്ക് - 35 ലക്ഷം
5. പട്ടികജാതി, പട്ടികവർഗ്ഗം - 3 കോടി 99 ലക്ഷത്തി 27000

6. അച്ചൻകോവിലാർ തീരസംരക്ഷണം - 1 കോടി
7. സ്മാർട്ട് പന്തളം-നടപ്പാതകൾ സൗന്ദര്യവൽക്കരണം - 75 ലക്ഷം
8. വയോജന ക്ഷേമം - 41 ലക്ഷം
9. സാംസ്കാരിക ഉത്സവങ്ങൾ-നാടൻ കലകൾ സംഘടിപ്പിച്ച് ആഘോഷപരിപാടികൾ - 15 ലക്ഷം
10. അംഗൻവാടി പോഷകാഹാരം അനുബന്ധ സേവനം - 2 കോടി
11. ബഡ്സ് സ്കൂൾ ദൈനംദിന പ്രവർത്തികൾക്ക്, ഭിന്നശേഷി കലോത്സവം, സ്കോളർഷിപ്പ് - 45 ലക്ഷം
12. വാതിൽപ്പടി സേവനം (സേവനങ്ങൾ ചെയ്യുന്ന വ്യക്തികൾക്കുള്ള ശമ്പളം), അതിദാരിദ്ര്യ കിറ്റ് - 10 ലക്ഷം
13. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി - 5.5 കോടി
14. ഹോമിയോ അനുബന്ധ മേഖല- 6 ലക്ഷം
15. ആയുർവ്വേദ, അലോപ്പതി മേഖല, അനുബന്ധ മേഖല സൗകര്യങ്ങൾ - 65 ലക്ഷം
16. ചിറമുടി, കരിങ്ങാലിച്ചാൽ, ആതിരമല ടൂറിസം - 65 ലക്ഷം
17. കുളങ്ങളുടെ നവീകരണം - 75 ലക്ഷം
18. ദുരന്തനിവാരണം അനുബന്ധ പ്രവർത്തനം - 1 കോടി
19. സ്റ്റേഡിയം (മിനി സ്റ്റേഡിയം), ഉളമയിൽ സ്റ്റേഡിയം സിന്തറ്റിക് ട്രാക്ക് ആക്കിയുള്ള നവീകരണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, അനുബന്ധ റോഡ് - 50 ലക്ഷം
20. ഭവന നിർമ്മാണം - 8 കോടി
21. ദാരിദ്ര്യനിർമ്മാർജ്ജനം - 10 ലക്ഷം
22. നഗരാസൂത്രണം - 75 ലക്ഷം
23. മൃഗസംരക്ഷണം അനുബന്ധമേഖലയ്ക്ക് - 30 ലക്ഷം
24. അമൃത് പദ്ധതി - 14 കോടി
25. നഗരസഭയുടെ സേവനം മെച്ചപ്പെടുത്തൽ - 20 ലക്ഷം
26. ചെറുകിട വ്യവസായം - 20 ലക്ഷം
27. വനിതാ ക്ഷേമം - 53 ലക്ഷം
28. കുട്ടികൾക്കുള്ള ക്ഷേമ പരിപാടികൾ - 15 ലക്ഷം
29. ക്ഷേത്രനഗരി - 25 ലക്ഷം
30. തദ്ദേശസ്ഥാപനത്തിന്വേണ്ടി ഭൂമി വാങ്ങൽ - 1 കോടി 75 ലക്ഷം
31. വെയിറ്റിംഗ് ഷെഡുകളിലും, ബസ് സ്റ്റാന്റിലും ഫീഡിംഗ് റൂം - 5 ലക്ഷം
32. മൊബൈൽ എഫ്.എസ്.റ്റി.പി - 48 ലക്ഷം
33. ഡബിൾ ചേംബർ ഇൻസിനേറ്റർ - 70 ലക്ഷം
34. പൊതുമാലിന്യം ശുചിത്വം - 1 കോടി
35. സ്കൈ വാക്ക് - 75 ലക്ഷം
36. ഖരമാലിന്യ നിർമ്മാർജ്ജപദ്ധതി - 1 കോടി
37. തണ്ണീർ പന്തൽ - 5 ലക്ഷം

പന്തളം നഗരസഭയുടെ ധനകാര്യ സ്ഥിരം സമിതിയുടെ 10.03.2025ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച നഗരസഭയുടെ 2025-26 വർഷത്തെ മതിപ്പ് ബഡ്ജറ്റിൽ 14,14,88,376 രൂപ മുന്നിരുപ്പുൾപ്പെടെ 96,65,10,760 രൂപ വരവും 93,56,89,566 രൂപ ചിലവും 3,08,21,194 രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

ഈ നഗരസഭയുടെ 2025-26 ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നതിന് സഹായിച്ച ബഹു: ചെയർമാൻ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, കൗൺസിലർമാർ, നഗരസഭാ സെക്രട്ടറി, വകുപ്പ് തലവൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, നഗരസഭാ ഉദ്യോഗസ്ഥർ എന്നിവർക്കും സദസ്സിൽ സന്നിഹിതരായ ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

2024-25ലെ പരിഷ്കരിച്ച ബഡ്ജറ്റ് അംഗീകാരത്തിനും, 2025-26 വർഷത്തെ മതിപ്പ് ബഡ്ജറ്റ് ബഹുമാന്യരായ കൗൺസിൽ അംഗങ്ങളുടെ വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി വിനയപൂർവ്വം സമർപ്പിക്കുന്നു.

രമ്യ. യു
വൈസ് ചെയർപേഴ്സൺ
& ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ

പന്തളം നഗരസഭ

10.03.2025-ാം തീയതിയിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ

1-ാം നമ്പർ തീരുമാനം

മുൻബാക്കി 8,16,67,781/- രൂപയും തന്നാണ്ട് വരവ് 71,56,36,041/- രൂപയും ചേർത്ത് ആകെ വരവ് 79,73,03,822/- രൂപയും ചെലവ് 65,58,15,446/- രൂപയും 14,14,88,376/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന പന്തളം നഗരസഭയുടെ 2024-25ലെ പുതുക്കിയ ബഡ്ജറ്റും, മുൻബാക്കി 14,14,88,376/- രൂപയും, 82,50,07,200/- രൂപ മതിപ്പ് വരവും, ചേർത്ത് ആകെ വരവ് 96,65,10,760/- രൂപയും ചിലവ് 93,56,89,566/- രൂപയും മിച്ചമായി 3,08,21,194/- രൂപയും പ്രതീക്ഷിക്കുന്ന 2025-26 -ലേക്കുള്ള മതിപ്പ് ബഡ്ജറ്റ് നഗരസഭാ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

രമ്യ. യു
വൈസ് ചെയർപേഴ്സൺ
& ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



അച്ചൻകുഞ്ഞ് ജോൺ

ചെയർമാൻ
പന്തളം നഗരസഭ



രമ്യ.യു

വൈസ് ചെയർപേഴ്സൺ
പന്തളം നഗരസഭ

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി



രമ്യ.യു
ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ




കെ. ആർ. രവി



എസ്. അരുൺ



ലസിത ടീച്ചർ



സൂര്യ. എസ്. നായർ



ശോഭന കുമാരി

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി



ബന്നി മാത്യു
വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



പന്തളം മഹേഷ്



രാജേഷ് കുമാർ. ജി



ശ്രീലേഖ. ആർ



രശ്മി രാജീവ്



ഉഷ മധു

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി



സീനാ.കെ

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



ബിന്ദു കുമാരി



അംബിക രാജേഷ്



ശ്രീദേവി



രത്നമണി സുരേന്ദ്രൻ

ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി



അഡ്വ: രാധാകൃഷ്ണൻ ഉണ്ണിത്താൻ
ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



കിഷോർ കുമാർ



റ്റി. കെ. സതി



സുനിതാ വേണു



പുഷ്പലത പി. കെ

പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി



രാധ വിജയകുമാർ
പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



കെ. വി. പ്രദ



കെ. ആർ. വിജയകുമാർ



ഷെഫിൻ റജീബ് ഖാൻ



കോമളവല്ലി. ജെ

വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി



സൗമ്യ സന്തോഷ്
വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ



സക്കീർ. എച്ച്



സുശീല സന്തോഷ്



മഞ്ജുഷ സുമേഷ്




അജിതകുമാരി പി. ജി



അനിത ഇ.ബി

സെക്രട്ടറി

EMPLOYEES



രാജഗോപാലൻ. പി
(അസിസ്റ്റന്റ് സെക്രട്ടറി)



ജയകുമാർ. കെ
(അസിസ്റ്റന്റ് എഞ്ചിനീയർ)



ബിനോയ് ബി. ജി
(ഹെൽത്ത് സൂപ്പർവൈസർ)



കൃഷ്ണകുമാർ. വി
(ഹെൽത്ത് ഇൻസ്പെക്ടർ)



വിജയകുമാർ റ്റി. ആർ
(റവന്യൂ ഇൻസ്പെക്ടർ)



രാജേഷ്കുമാർ. പി
(അക്കൗണ്ടന്റ്)

2024 - 2025

പുതുക്കിയ ബഡ്ജറ്റ്

സംക്ഷിപ്ത രൂപം

ആകെ വരവ് - 79,73,03,822/-

ആകെ ചിലവ് - 65,58,15,446/-

നീക്കി ബാക്കി - 14,14,88,376/-

2025 - 2026

ബഡ്ജറ്റ്

സംക്ഷിപ്ത രൂപം

ആകെ വരവ് - 96,65,10,760/-

ആകെ ചിലവ് - 93,56,89,566/-

നീക്കി ബാക്കി - 3,08,21,194/-

പന്തളം നഗരസഭ

2025-2026 സാമ്പത്തികവർഷത്തെ ബജറ്റ്

PANDALAM Municipality

Budget for the Financial Year 2025-2026

PANDALAM Municipality Budget for the Financial Year 2025-2026

BUDGET STATEMENT

	PARTICULARS	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025 (പരിഷ്കരിച്ച ബജറ്റ് 2024-2025)	Budget for the Year2025-2026 (ബജറ്റ്-2025-2026)
A	Opening balance (net) (ws-1)	8,85,63,933	8,16,67,781	14,14,88,376
B	a) Tax revenue-നികുതി വരുമാനം (BS-1)	2,48,34,903	9,19,08,750	9,64,92,000
C	b) Non tax revenue-നികുതിയിതര വരുമാനം (BS-2)	2,13,03,422	3,59,06,000	4,46,75,884
D	Total Own Fund-ആകെ തനത് ഫണ്ട് (B+C)	4,61,38,325	12,78,14,750	14,11,67,884
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3)	1,88,91,900	2,87,56,000	2,87,56,000
F	Total -ആകെ (D+E)	6,50,30,225	15,65,70,750	16,99,23,884
G	d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് (BS-4)	5,47,47,705	24,63,33,006	18,78,30,000
H	e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ഇതര ചെലവുകൾക്ക് (BS-5)	11,01,61,700	9,87,08,400	12,32,35,500
I	Toal Revenue Income -ആകെ റവന്യൂ വരവുകൾ (F+G+H)	22,99,39,630	50,16,12,156	48,09,89,384
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ (BS-6)	92,00,000	1,00,00,000	8,50,00,000

	PARTICULARS	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025	Budget for the Year2025-2026 (ബജറ്റ്-2025-2026)
K	Capital Income other than loans -വായ്പ ഒഴികെ മൂലധന വരവുകൾ (BS-7)	6,57,70,193	20,40,23,885	25,90,33,000
L	Total Capital Income-ആകെ മൂലധന വരവുകൾ (J+K)	7,49,70,193	21,40,23,885	34,40,33,000
M	Total Income -ആകെ വരവുകൾ (I+L)	30,49,09,823	71,56,36,041	82,50,22,384
N	Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A)	39,34,73,756	79,73,03,822	96,65,10,760
O	Revenue Expenditure-Statutory functions-റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8)	6,46,56,640	11,37,23,934	14,49,70,000
P	Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9)	11,10,47,613	34,53,38,539	49,35,37,400
Q	Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10)	11,01,61,700	9,87,08,400	12,33,55,500
R	Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ (O+P+Q)	28,58,65,953	55,77,70,873	76,18,62,900
S	Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് (BS-11)	68,26,666	68,26,666	68,26,666
T	Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12)	1,91,13,356	9,12,17,907	16,70,00,000
U	Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T)	2,59,40,022	9,80,44,573	17,38,26,666
V	Total Expenditure -ആകെ ചെലവുകൾ (R+U)	31,18,05,975	65,58,15,446	93,56,89,566
W	Closing Balance-നീക്കി ബാക്കി (N-V)	8,16,67,781	14,14,88,376	3,08,21,194

PANDALAM Municipality Budget for the Financial Year 2025-2026				
BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025 (പരിഷ്കരിച്ച ബജറ്റ് 2024-2025)	Budget for the Year2025-2026 (ബജറ്റ്-2025-2026)
1100101	Property Tax-വസ്തു നികുതി	1,68,81,580	7,41,75,000	7,64,20,000
1100102	Service Cess u/s 26 - സേവനങ്ങൾക്കുള്ള സെസ്സ് (വകുപ്പ് 26)	27,29,080	74,17,500	76,42,000
1101001	Profession Tax – Institutions / Professionals/Traders - തൊഴിൽ നികുതി (സ്ഥാപനങ്ങൾ / പ്രൊഫഷണലുകൾ / വ്യാപാരികൾ)	7,97,549	20,00,000	30,00,000
1101002	Profession Tax - Employees - തൊഴിൽനികുതി (ജീവനക്കാർ)	44,26,694	52,91,250	60,00,000
1101601	Entertainment Tax-വിനോദനികുതി	0	30,00,000	34,00,000
1108001	Tax on Timber - മരത്തടി നികുതി	0	25,000	30,000
110	Total-Tax Revenue-ആകെ നികുതി വരവ്	2,48,34,903	9,19,08,750	9,64,92,000

PANDALAM Municipality Budget for the Financial Year 2025-2026				
BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025 (പരിഷ്കരിച്ച ബജറ്റ്	Budget for the Year2025-2026 (ബജറ്റ്-2025-2026)
130 - Rental Income from Municipal Properties - നഗരസഭാ വസ്തുവകകളിൽനിന്നുള്ള ആകെ വാടകവരവുകൾ				
1300000	Rental income from municipal properties - നഗരസഭ സ്വത്തുകളുടെ വാടക വരുമാനം	17,01,270	0	0
1301008	Rent from shopping complex - ഷോപ്പിംഗ് കോംപ്ലക്സ്	0	60,00,000	63,00,000
1301099	Rent from other civic Amenities - മറ്റ് പൊതു സൗകര്യങ്ങളിൽ നിന്നുള്ള വാടക	2,500	0	0
1308009	Other Rents - മറ്റു വാടക വരവുകൾ	0	5,000	5,000
130	Total Rental Income from Municipal Properties - നഗരസഭാ വസ്തുവകകളിൽനിന്നുള്ള ആകെ വാടകവരവുകൾ	17,03,770	60,05,000	63,05,000
BS-2 PARTICULARS		Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025	Budget for the Year2025-2026 (ബജറ്റ്-2025-2026)
140 - Fees & User Charges - ഫീസുകളും യൂസർ ചാർജുകളും				
1401001	Private Hospital & Paramedical Institutions Registration Fee - സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഫീ	3,000	10,000	10,000

1401002	Tutorial College Registration Fee - ട്യൂട്ടോറിയൽ കോളജ് രജിസ്ട്രേഷൻ ഫീ	400	20,000	20,000
1401003	Contractor Registration Fee - കരാറുകാരുടെ രജിസ്ട്രേഷൻ ഫീ	0	10,000	10,000
1401099	Other Empanelment & Registration Charges - മറ്റ് എംപാനൽമെന്റ് & രജിസ്ട്രേഷൻ ചാർജ്ജുകൾ	15,150	25,000	25,000
1401101	License Fees for Dangerous & Offensive Trades - വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്	3,92,810	17,00,000	20,00,000
1401102	License Fees for Lodge - ലോഡ്ജുകളുടെ ലൈസൻസ് ഫീ	0	5,000	15,000
1401103	License Fees under P.P.R ACT - പി.പി.ആർ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	0	10,000	15,000
1401104	License Fees under Cinema Regulation Act - സിനിമാ റെഗുലേഷൻ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	0	2,000	2,000
1401105	License Fees under PFA Act - പി.എഫ്.എ നിയമപ്രകാരമുള്ള ലൈസൻസ് ഫീസ്	0	5,000	5,000
1401199	Other Licensing Fees - മറ്റ് ലൈസൻസ് ഫീസുകൾ	0	10,000	15,000
1401201	Fees for Construction of Buildings - കെട്ടിട നിർമ്മാണ ഫീസ്	19,59,049	35,00,000	40,00,000
1401202	Fees for Installation of Machinery - യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ്	0	2,00,000	3,00,000
1401299	Other Fees for Grant of Permit - പെർമിറ്റ് അനുവദിക്കുന്നതിനുള്ള മറ്റ് ഫീസുകൾ	19,98,425	37,02,000	40,00,000

1401301	Fees for Birth & Death Certificate - ജനന - മരണ സർട്ടിഫിക്കേറ്റ് ഫീസ്	64,089	1,50,000	2,00,000
1401302	Fees for Delayed Registration - Birth & Death Certificate - ജനന മരണങ്ങൾ വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്	1,140	5,000	15,000
1401303	Fees for Marriage Certificate - വിവാഹ സർട്ടിഫിക്കറ്റ് ഫീസ്	14,480	10,000	1,15,000
1401304	Fees for Ownership Certificate - ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുള്ള ഫീസ്	100	0	0
1401399	Fees for Other Certificates or Extracts - മറ്റ് സർട്ടിഫിക്കറ്റുകൾ/ പകർപ്പുകൾ എന്നിവയ്ക്കുള്ള ഫീസ്	875	5,000	6,000
1401501	Regularization Fees - ക്രമവത്ക്കരണത്തിനുള്ള ഫീസ്	5,02,594	10,00,000	12,00,000
1402001	Penalties - പെനാൽറ്റികൾ/പിഴകൾ	46,648	8,00,000	5,00,000
1402002	Penal Interest - പിഴപ്പലിശ	6,61,425	3,00,000	4,00,000
1402003	Fines (ഫൈനുകൾ)	3,75,400	25,000	1,00,000
1402004	Fine imposed by court (including PFA) - കോടതി ചുമത്തുന്ന ഫൈൻ (പി.എഫ്.എ) ഉൾപ്പെടെ)	1,010	0	0
1402005	Fine imposed by Municipal and other laws - മുനിസിപ്പൽ/ മറ്റ് നിയമങ്ങൾ - പ്രകാരം ചുമത്തുന്ന ഫൈൻ	10,010	0	0
1404002	Notice Fees - നോട്ടീസ് ഫീസ്	0	1,00,000	1,50,000

1404003	Warrant fees - വാറണ്ട് ഫീസ്	0	10,000	10,000
1404004	Ownership Change Fees - ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ്	47,020	5,00,000	6,00,000
1404005	License Change Fees - ലൈസൻസ് മാറ്റുന്നതിനുള്ള ഫീസ്	0	15,000	25,000
1404006	Testing fee - ടെസ്റ്റിംഗ് /പരിശോധന ഫീസ്	0	5,000	5,000
1404008	Delayed Registration Fees - വൈകി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ഫീസ്	3,500	5,000	5,000
1404009	Search Fees - തെരച്ചിൽ ഫീസ്	20	2,000	2,000
1404099	Other Fees - മറ്റ് ഫീസുകൾ	11,09,328	15,00,000	15,00,000
1405009	Public Sanitation Charges - പൊതു ശുചിത്വസംവിധാനങ്ങൾക്കുള്ള / കംഫർട്ട് സ്റ്റേഷൻ ചാർജ്ജുകൾ	0	2,50,000	2,50,000
1405010	Market Fees - മാർക്കറ്റ് ഫീസ്	13,64,609	25,00,000	35,00,000
1405011	Bus Stand Fees - ബസ് സ്റ്റാന്റ് ഫീസ്	8,68,971	20,00,000	21,00,000
1405013	Lorry, Taxi, Auto and Other Vehicle Stand Fees - ലോറി, ടാക്സി, ഓട്ടോറിക്ഷ മറ്റു വാഹനങ്ങൾ എന്നിവയുടെ സ്റ്റാന്റ് ഫീസ്	0	3,00,000	5,00,000
1405014	Receipts on account of cost of services rendered - സേവനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി വരുന്ന മൂല്യത്തിനുള്ള വരവുകൾ	0	20,00,000	20,00,000

1405016	Receipts from Libraries - ലൈബ്രറി വരവുകൾ	779	10,000	10,000
1405017	Receipt from school - സ്കൂളിൽ നിന്നുള്ള വരവുകൾ	0	5,000	5,000
1405018	Receipts from Hospitals & Dispensaries - ആശുപത്രികൾ, ഡിസ്പൻസറികൾ, എന്നിവടങ്ങളിൽ നിന്നുള്ള വരവുകൾ	0	2,00,000	2,00,000
1405020	Crematorium fees - ശ്മശാനം ഫീസ്	0	5,00,000	5,00,000
1405099	Other User Charges - മറ്റ് യൂസർ ചാർജ്ജുകൾ	216	5,000	5,000
1406001	Entry Fees - പ്രവേശനഫീസ്	0	5,00,000	9,50,000
1407001	Road Cutting Charges - റോഡ് കട്ടിംഗ് ചാർജ്ജുകൾ	1,900	10,00,000	10,00,000
1408001	Other Charges - മറ്റ് ചാർജ്ജുകൾ	7,470	0	0
1408002	License Fees For Domestic Dogs -	15,450	1,50,000	1,50,000
140	Total Fees & User Charges - ഫീസുകളും യൂസർ ചാർജുകളും	**94,65,868**	**2,30,51,000**	**2,64,20,000**
	BS-2 PARTICULARS	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025	Budget for the Year2025-2026 (ബജറ്റ്-2025-2026)
	150 - Sale & Hire Charges - വിൽപ്പന - വാടക ചാർജുകൾ			

1501003	Sale of Usufructs	0	10,000	10,000
1501101	Sale of Forms(others) - മറ്റ് ഫാറങ്ങളുടെ വിൽപ്പന വരവ്	17,010	25,000	2,50,000
1501201	Sale of Stores - വിവിധ സാധന - സാമഗ്രികൾ വിൽപ്പന വരവ്	0	2,00,000	29,40,700
1501202	Sale of Scrap - പാഴ് വസ്തുകളുടെ വിൽപ്പന വരവ്	18,400	10,00,000	20,00,000
1501203	Receipts from auction of obsolete assets - ആസ്തികളുടെ ലേലം - വരവ്	2,51,165	5,00,000	60,000
1503001	Miscellaneous Sales പലവക ഇനങ്ങൾ - വില്പന വരവുകൾ	0	2,00,000	2,00,000
1504102	Rent on Other Equipments - മറ്റ് ഉപകരണങ്ങളുടെ വാടക വരവ്	0	50,000	50,000
150	Total-Sale & Hire Charges - വിൽപ്പന - വാടക ചാർജുകൾ (ആകെ)	**2,86,575**	**19,85,000**	**55,10,700**
	BS-2 PARTICULARS	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025	Budget for the Year2025-2026 (ബജറ്റ്-2025-2026)
	151 - Receipts from Transferred Institutions			
151 10 01	Receipts from Transferred Institutions - കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽനിന്നുള്ള വരവുകൾ	0	10,000	10,000
151	Total Receipts from Transferred Institutions - കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽനിന്നുള്ള വരവുകൾ (ആകെ)	**0**	**10,000**	**10,000**

BS-2 PARTICULARS		Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025	Budget for the Year2025-2026 (ബജറ്റ്-2025-2026)
170 - Income from Investments - നിക്ഷേപങ്ങളിൽനിന്നുള്ള വരവുകൾ				
1701001	Interest on Fixed Deposits - സ്ഥിരനിക്ഷേപങ്ങളിൽനിന്നുള്ള പലിശവരവുകൾ	0	5,00,000	8,00,000
1702001	Dividend - ഡിവിഡന്റുകൾ	0	5,000	5,000
170	Total Income from Investments - നിക്ഷേപങ്ങളിൽനിന്നുള്ള വരവുകൾ (ആകെ)	0	5,05,000	8,05,000
BS-2 PARTICULARS		Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025	Budget for the Year2025-2026 (ബജറ്റ്-2025-2026)
171 - Interest Earned - പലിശവരുമാനം				
1711001	Interest from Bank Accounts - ബാങ്ക് അക്കൗണ്ടുകളിലെ പലിശവരവ്	31,65,328	12,00,000	15,00,000
1712001	Interest on Loans and advances to Employees - ജീവനക്കാർക്കുള്ള വായ്പ / മുൻകൂറുകളിൽനിന്നുള്ള പലിശ	0	2,00,000	2,00,000
1713001	Interest on loans to others - മറ്റുള്ളവർക്കു നൽകിയ വായ്പകളിന്മേലുള്ള പലിശകൾ	1,35,024	0	0
171	Total Interest Earned - പലിശവരുമാനം ആകെ	33,00,352	14,00,000	17,00,000
BS-2 PARTICULARS		Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025	Budget for the Year2025-2026 (ബജറ്റ്-2025-2026)

180 - Other Income - മറ്റു വരുമാനം				
1808099	Miscellaneous Receipts - പലവക വരവുകൾ	1,10,717	4,50,000	5,00,000
1809003	Deposits Received and loans -മുൻകൂറുകൾ സ്വീകരിച്ചത്	7,34,952	9,00,000	15,00,000
1809004	Other Liabilities -മറ്റു ബാധ്യതകൾ	15,66,792	16,00,000	19,25,184
1809006	redumption amount received	41,34,396	0	0
180	Total Other Income - മറ്റു വരുമാനം (ആകെ)	**65,46,857**	**29,50,000**	**39,25,184**
Total-Non tax revenue-ആകെ നികുതിയിതര വരവുകൾ		**2,13,03,422**	**3,59,06,000**	**4,46,75,884**

PANDALAM Municipality Budget for the Financial Year 2025-2026				
BS-3- GENERAL PURPOSE FUND- ജനറൽ പർപ്പസ് ഫണ്ട്)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025 പരിഷ്കരിച്ച ബജറ്റ്	Budget for the Year2025-2026 (ബജറ്റ്-2025-2026)
1601005	General purpose fund-ജനറൽ പർപ്പസ് ഫണ്ട്	1,88,91,900	2,87,56,000	2,87,56,000
160	Total-General purpose fund-ജനറൽ പർപ്പസ് ഫണ്ട്	1,88,91,900	2,87,56,000	2,87,56,000

PANDALAM Municipality Budget for the Financial Year 2025-2026				
BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025 (പരിഷ്കരിച്ച ബജറ്റ്	Budget for the Year2025-2026 (ബജറ്റ്-2025-2026)
1601001	Development Fund (General) - വികസനഫണ്ട്(സാധാരണവിഹിതം)	2,23,40,307	2,78,96,988	5,19,56,000
1601001	Development Fund (SCSP) - വികസനഫണ്ട് (പട്ടികജാതി ഉപപദ്ധതി)	2,03,22,163	4,21,45,012	3,99,27,000
1601001	Development Fund (CFC) - വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	0	8,19,84,006	4,18,65,000
1601004	Maintenance Fund (Road Assets) - മെയിന്റനൻസ് ഫണ്ട് (റോഡ് ആസ്തികൾ)	62,38,572	7,66,67,000	3,36,10,000
1601004	Maintenance Fund (Non Road Assets) - മെയിന്റനൻസ് ഫണ്ട് (റോഡ് ഇതര ആസ്തികൾ)	54,12,377	1,76,40,000	1,78,64,000
.	MP / MLA Fund - എം.പി. / എം.എൽ.എ. ഫണ്ട്	0	0	0
1602001	Re-imbursement of expenses - ചെലവുകൾക്കായുള്ള തിരികെക്കൊടുക്കലുകൾ	4,34,286	0	26,08,000
160	Revenue Grants, Funds, Contributions & Compensations- റെവന്യൂ ഗ്രാന്റുകൾ, ഫണ്ടുകൾ, വിഹിതങ്ങൾ, പരിഹാരത്തുകകൾ ആകെ	5,47,47,705	24,63,33,006	18,78,30,000

PANDALAM Municipality Budget for the Financial Year 2025-2026				
BS-5-REVENUE INCOME- NON PLAN GRANTS- (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2023-2024 (കണക്ക് 2023-2024)	Budget for the year (including all revisions) 2024-2025 പരിഷ്കരിച്ച ബജറ്റ്	Budget for the Year2025-2026 (ബജറ്റ്-2025-2026)
1601002	Fund for Transferred Institutions - കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഫണ്ടുകൾ	11,01,61,700	9,87,08,400	12,32,35,500
.	State Sponsored Schemes (Not included under Decentralised Plan Programme) - സംസ്ഥാനാവിഷ്ക്യത പദ്ധതികൾ (ജനകീയാസൂത്രണപദ്ധതികളിൽ ഉൾപ്പെടാത്തത്)	0	0	0
160	Total-Revenue Grants, Funds, Contributions & Compensations - (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം -വരവുകൾ) ആകെ	11,01,61,700	9,87,08,400	12,32,35,500



PANDALAM Municipality Budget for the Financial Year 2025-2026				
